3. കോട്ടയം ജില്ലയിലെ ഫീഡർ കനാലുകളുടെ വികസനം—1067.68 ലക്ഷം രൂപ

4. കോട്ടയം ജില്ലയിലെ കുമരകം കെ.ടി.ഡി.സി. കനാലുകളുടെ നവീകരണം—60 ലക്ഷം രൂപ.

(സി) 1. വടകര-മാഹി കനാൽ—2003 സെപ്റ്റംബർ

2. മടക്കര-കവ്വായി ജലപാത—2003 സെപ്റ്റംബർ

3. കോട്ടയം ജില്ലയിലെ ഫീഡർ കനാലുകൾ—2003 ആഗസ്റ്റ്

4. കുമരകം കെ.ടി.ഡി.സി. കനാലുകൾ—2004 മാർച്ച്

(ഡി) ഇല്ല.

(ഇ) 90% കേന്ദ്ര സഹായം ലഭിക്കുന്ന പുതുക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നത്. 10% സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ഇതിലേക്ക് നിർവ്വഹിക്കേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ മനുഷ്യ വിഭവശേഷി വികസന പദ്ധതി

*9 [309] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എ. കെ. ബാലൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ മനുഷ്യ വിഭവശേഷി വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് വിദ്യാഭ്യാസത്തിനും, പരിശീലനത്തിനും പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി നിലവിലുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ;

(സി) പരിശീലന-വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായുള്ള പദ്ധതികളുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) മുൻവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാതെ പോയിട്ടുള്ളത് ഏതെല്ലാം കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ കാര്യത്തിലാണെന്നും മിച്ചം എത്രയാണെന്നും വിശദമാക്കാമോ;

(ഇ) ഓരോ കേന്ദ്ര-സംസ്ഥാന പദ്ധതിയ്ക്കും ഈ വർഷം വകയിരുത്തിയ തുകയിൽ നിന്നും ഇതിനകം ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) പുതുതായി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്:

ആഗോളവൽക്കരണ-ഉദാരവൽക്കരണ പ്രക്രിയയുടെ ആക്കം കൂടുമ്പോൾ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത്

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമായ വിദ്യാഭ്യാസ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുതകുന്ന ഒരു പാക്കേജ് ബഡ്ജറ്റ് സ്പീച്ചിലൂടെ വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യ നടപടിയായി സീ-ഡിറ്റിന്റേയും, ഐ.ഐ.എം.-ന്റേയും സഹായത്തോടുകൂടി സ്ഥാപനങ്ങളേയും കോഴ്സുകളേയും തിരഞ്ഞെടുക്കുവാനും വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തിനായുള്ള സാദ്ധ്യതകൾ ആരായുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിനും അതുവഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും പട്ടിക വിഭാഗങ്ങളെ പല മേഖലകളിലും പ്രാപ്തരാക്കുന്നതിനും വേണ്ടി സിവിൽ സർവ്വീസ് എക്സാമിനേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ അപ്ലൈഡ് ടെക്നോളജി ആന്റ് ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഐ.റ്റി. രംഗത്ത് ഉയർത്തിക്കൊണ്ടു വരാൻ സീ-ഡിറ്റുമായി സഹകരിച്ചുകൊണ്ട് 'സൈബർശ്രീ' എന്ന പേരിൽ ഒരു കേന്ദ്രം തിരുവനന്തപുരത്ത് ഉടൻ പ്രവർത്തനം തുടങ്ങുന്നതാണ്. കമ്പ്യൂട്ടർ മേഖലയിൽ ബിരുദനിലവാരത്തിൽ വിദ്യാഭ്യാസയോഗ്യതയും പ്രവർത്തന പരിചയവുമുള്ള 12 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്. വിദ്യാഭ്യാസ മേഖലയിൽ ഉപയോഗിക്കാനുള്ള എഡ്യൂക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിച്ച് നൽകുന്നതിനാണ് ആദ്യഘട്ടത്തിൽ പ്രോജക്ട് ലക്ഷ്യമിടുന്നത്.

'അക്ഷയ' പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനും ഈ പദ്ധതിയിൽ പട്ടികജാതിക്കാരുടെ ഉടമസ്ഥതയിൽ അക്ഷയ സെന്ററുകൾ തുടങ്ങുവാനും ഉദ്ദേശിക്കുന്നുണ്ട്. അതാതു പ്രദേശത്തുള്ള പട്ടിക വിഭാഗക്കാർക്ക് ഇലക്ട്രോണിക് സാക്ഷരതയും ഇ-സർവ്വീസും ലഭ്യമാക്കുക എന്നതാണ് അക്ഷയ സെന്ററുകളുടെ ഉദ്ദേശം.

പട്ടികവർഗ്ഗ മനുഷ്യ വിഭവശേഷി വികസിപ്പിക്കുന്നതിന് ഊന്നൽ നൽകികൊണ്ട് വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി "പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ" എന്ന 5 കോടി രൂപയുടെ ഒരു അധിക കേന്ദ്ര സഹായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

പ്രവേശന പരീക്ഷകളിൽ മൽസരിക്കുന്നതിനുവേണ്ടി മിടുക്കരായ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകുക.

(ബി) വിദ്യാഭ്യാസ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. പരിശീലന പദ്ധതികൾ വിലയിരുത്താറില്ല.

(സി) പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ചിട്ടുള്ള സ്വകാര്യ-വൊക്കേഷണൽ എഞ്ചിനീയറിംഗ്/നോൺ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി./എ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതുവഴി സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പരിശീലനം നേടുവാനും അതുവഴി ഉപജീവനമാർഗ്ഗം കണ്ടെത്താനും സാധിക്കുന്നു. ഇതുപോലെ വിവിധ പാരമെഡിക്കൽ കോഴ്സുകൾക്ക് പരിശീലനം നേടുന്നവർക്കും ആനുകൂല്യം അനുവദിച്ചുവരുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള "ഐ.എ.എസ്. കോച്ചിംഗ് സെന്റർ", "സെന്റർ ഓഫ് എക്സലൻസ്" എന്നീ സ്ഥാപനങ്ങൾ നൽകുന്ന പരിശീലനം വഴി ഹൈടെക് കോഴ്സുകൾക്കുള്ള പരിശീലനം ഇവരുടെ ഔതികവും ബുദ്ധിപരവുമായ ശേഷി വർദ്ധിപ്പിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യമിടുന്നു. ഈ വർഷം രണ്ടു പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് സെലക്ഷൻ ലഭിക്കുകയും ഒരു വിദ്യാർത്ഥിക്ക് ഐ.ഐ.എം.-ൽ സെലക്ഷൻ കിട്ടുകയും ചെയ്തിട്ടുണ്ട്. ഈ വർഷം 41 ഐ.റ്റി.സി.-കളിലായി 11 ട്രേഡുകളിൽ (മെട്രിക്/നോൺ മെട്രിക്) പരിശീലനം നൽകിവരുന്നു. ഇത് പട്ടികജാതി യുവതീ യുവാക്കൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും സ്വയം തൊഴിൽ നേടുന്ന തിനും സഹായകമാവുന്നു. കൂടാതെ മൂന്ന് പി.ഇ.റ്റി.സി.-കളിൽ ഇപ്പോൾ കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള വിഷയങ്ങൾ പഠിപ്പിക്കുന്ന കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സ്വയം തൊഴിലിന് പട്ടിക വിഭാഗക്കാരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടിക വർഗ്ഗ വികസന വകുപ്പിൽ പരിശീലന വിദ്യാഭ്യാസത്തിനായി 5 പദ്ധതികളാണ് നിലവിലുള്ളത്.

1. പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററുകൾ
2. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ
3. വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ
4. അഡീഷണൽ അപ്രന്റീസ്ഷിപ്പ് പദ്ധതി
5. വൊക്കേഷണൽ ട്രെയിനിംഗ് ആന്റ് മോസ്റ്റ് ബാക്ക്വേർഡ് ട്രൈബ്സ്

ഈ പരിശീലനം ലഭിച്ചവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്താൻ സാധിക്കുന്നു.

(ഡി ആന്റ് ഇ) വകുപ്പുവഴി ചെലവഴിച്ച തുകകൾ എത്രയെന്നു കൃത്യമായി കണക്കാക്കണമെങ്കിൽ വകുപ്പുതല കണക്കുകൾ ട്രഷറിയുമായും അക്കൗണ്ട് ജനറലുമായും ഒത്തുനോക്കണം (റെക്കൺ സെൽ ചെയ്യണം). ഇങ്ങനെ റെക്കൺ സെൽ ചെയ്ത കണക്കിന്റെ വിവരം വിവിധ ജില്ലകളിൽ നിന്നും ശേഖരിച്ചുവരികയാണ്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായ പദ്ധതി

*10 [310] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായ പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി അനുസരിച്ച് എത്ര രൂപയാണ് പരമാവധി സഹായം നൽകുന്നത്;

(സി) ഇതിന് എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്.

(ബി) 25,000 രൂപ (ഇരുപത്തയ്യായിരം രൂപ)

(സി) ഉണ്ട്. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധം I, II ആയി ചേർത്തിട്ടുണ്ട്.†

† അനുബന്ധം I, II.

LIBRARY ARCHIVES Kerala Legislative Assembly